# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3103** — **10/05/2017-ൽ മറുപടിക്ക്**

**മഴക്കാലപൂർവ്വ ശുചീകരണയജ്ഞം**

**ചോദ്യം**

**ശ്രീ.വി.കെ.സി.മമ്മത് കോയ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഴക്കാല-മഴക്കാലപൂർവ്വ രോഗപ്രതിരോധത്തിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; | എ) പകർച്ചവ്യാധികളെ നേരിടാനായി ആരോഗ്യവകുപ്പ് തയ്യാറാക്കിയ വാർഷിക കർമ്മ പരിപാടി അനുസരിച്ച് ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ മഴക്കാല പൂർവ്വശുചീകരണവും കൊതുകുകളുടെ ഉറവിട നശീകരണത്തിനുള്ള വിവിധതരം കാമ്പെയിനുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷന്റെയും മറ്റ് വകുപ്പുകളുടേയും സഹകരണത്തോടെ ആരോഗ്യവകുപ്പ് നടത്തിവരുകയാണ്. പകർച്ചവ്യാധികൾക്കെതിരെ ആരോഗ്യ-വകുപ്പ് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.<br>• ജനുവരി മാസത്തിൽ തന്നെ വിവിധ ജില്ലകളിൽ 2017-2018 കാലയളവിലേയ്ക്കായി പകർച്ച-വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കു-ന്നതിനുള്ള കരട് രേഖയ്ക്ക് രൂപം നൽകിയിട്ടുണ്ട്<br>• സംസ്ഥാന തലത്തിൽ വിളിച്ചു ചേർത്ത ജില്ലാ തല സർവ്വയിലൻസ് ആഫീസർ-മാരുടെയും മറ്റ് ഉദ്യോഗസ്ഥ-രുടെയും അവലോകന യോഗ-ത്തിൽ വച്ച് പ്രസ്തുത മാർഗ്ഗ-രേഖകൾ വിശകലനം ചെയ്യുകയും സമയബന്ധിതമായി നടപ്പി-ലാക്കുവാൻ വേണ്ട നിർദ്ദേശം |

➡

നൽകുകയും ചെയ്തു.

- ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ രോഗനിരീക്ഷണം ശക്തിപ്പെടുത്തുകയും ആവശ്യമായ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തു.
- 01/03/2017-ന് ചീഫ് സെക്രട്ടറി-യുടെ അദ്ധ്യക്ഷതയിലും 06/03/2017-ന് ബഹു.മുഖ്യമന്ത്രി-യുടെ അദ്ധ്യക്ഷതയിലും പകർച്ച-വ്യാധി പ്രതിരോധ പ്രവർത്തന-ങ്ങളിൽ വിവിധ വകുപ്പുകളുടെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുകയും കൂടുതൽ സ്പഷ്ടത ഉണ്ടാക്കുകയും അത് അനുസരിച്ചുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.
- മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ല-കളിൽ ഡെങ്കി, എച്ച്1, എൻ1 രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട-തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സംവി-ധാനങ്ങളും രോഗനിർണ്ണയത്തിന് വേണ്ട ഉപാധികൾ ഉണ്ടെന്നും ഉറപ്പുവരുത്തി.
- ഏപ്രിൽ മാസം ആദ്യവാര-ത്തോടുകൂടി സംസ്ഥാനത്ത് ജലജന്യരോഗമായ ഹെപ്പറ്റൈറ്റിസ് എ, കൊതുക് ജന്യരോഗമായ ഡെങ്കി, ശ്വാസ-കോശ രോഗമായ എച്ച്1 എൻ1 എന്നിവ വർദ്ധിച്ചുവരുന്നതിനെ കണക്കി-ലെടുത്ത് അതാത് ജില്ല-കൾക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും രോഗപ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.
- 03/02/2017- ൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് പൊതു-ജനാരോഗ്യം അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം തിരുവനന്തപുരം നഗര-

സഭ കോർപ്പറേഷൻ മേയറെ കാണുകയും തിരുവനന്തപുരം ജില്ലയിലും കോർപ്പറേഷൻ പരിധി-ക്കകത്തും വർദ്ധിച്ചുവരുന്ന ഡെങ്കി, എലിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾക്കെതിരെ അടിയന്തര-മായി സ്വീകരിക്കേണ്ടുന്ന നടപടി-കളെക്കുറിച്ച് ധരിപ്പിക്കുകയും ചെയ്തു.

- മാർച്ച് മാസം 2-ാം തീയതി പകർച്ചവ്യാധി രോഗനിർണ്ണയ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ലബോറട്ടറി ഗവേഷണ കേന്ദ്രങ്ങളുടെ ഉദ്യോഗസ്ഥരുടെ ഒരു യോഗം ചേർന്ന് വാർഷിക പ്രവർത്തനങ്ങൾ വിലയിരു-ത്തുകയും സംസ്ഥാന പൊതു-ജനാരോഗ്യ വിഭാഗത്തിന്റെ രോഗനിർണ്ണയ മേഖലയിൽ ആവശ്യമായ സഹായം ഉറപ്പ് വരുത്തുകയും ചെയ്തു.
- ഏപ്രിൽ 24 മുതൽ 27 വരെ സംസ്ഥാനത്തെ എല്ലാ ജില്ല-കളിലും കൊതുകുകളുടെ ഉറവിട നശീകരണത്തിനായി ഒരു തീവ്രയജ്ഞം നടത്തുകയുണ്ടായി. പകർച്ചവ്യാധി നിയന്ത്രണ-ത്തിനുവേണ്ടി ഈ വർഷം മേയ് 8 വരെ പ്ലാൻ ഫണ്ടിൽ നിന്നും 52 ലക്ഷം രൂപ ജില്ലകളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

**ബി)** വാർഡു തലത്തിൽ ഒരു ദിവസം മഴക്കാലപൂർവ്വ ശുചീകരണയജ്ഞം നിശ്ചയിച്ച് പ്രവർത്തനം നടത്തുമോ?

**ബി)** വാർഡുമെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ്തല ആരോഗ്യശുചിത്വ സമിതി-കൾ യോഗം നടത്തി ഫണ്ട് ലഭ്യതയും പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തി-വരുന്നു. തുടർന്നുള്ള രണ്ട് മാസവും ഈ പ്രവർത്തനം നടത്തുവാൻ തീരുമാനി-ച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**